**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1726** **19-01-2021 - ൽ മറുപടിയ്ക്ക്**

**കോളേജ് അദ്ധ്യാപക തസ്തികകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | | **Dr.K.T.Jaleel**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | കോളേജുകളിൽ വർഷങ്ങളായി നിലനിന്നിരുന്ന പി.ജി. വെയ്റ്റേജും ഒൻപതിൽ കൂടുതൽ പഠനമണിക്കൂറുള്ള കോഴ്സുകൾക്ക് അധികതസ്തികയും സർക്കാർ നിർത്തിയതിനെ തുടർന്ന് സംസ്ഥാനത്ത് മൂവായിരത്തോളം കോളേജ് അദ്ധ്യാപക തസ്തികകൾ ഇല്ലാതായ സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | യു.ജി.സി. മാർഗ്ഗ നിർദ്ദേശ പ്രകാരം അദ്ധ്യാപക നിയമനങ്ങൾക്ക് ആഴ്ചയിൽ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും നിലവിലുള്ള ഒരു തസ്തികയും നഷ്ടമായിട്ടില്ല |
| (ബി) | മുൻ സർക്കാർ 2016-17 വർഷം അനുവദിച്ച പത്ത് പുതിയ എയ്ഡഡ് കോളേജുകൾക്കും വിവിധ കോളേജുകളിൽ നൽകിയ കോഴ്സുകൾക്കും സർക്കാർ ഇപ്പോൾ പുതിയ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്തും നിലവിലുള്ള സർക്കാരിന്റെ കാലത്തും സംസ്ഥാനത്ത് പുതിയതായി അനുവദിച്ച എയ്ഡഡ് കോളേജുകൾക്കും, വിവിധ എയ്ഡഡ് കോളേജുകളിൽ നൽകിയ കോഴ്സുകൾക്കും 30/12/2020 ലെ ജി.ഒ.(എം.എസ്.)നം.471/2020/ ഉവിവ ഉത്തരവ് പ്രകാരം 721 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | എങ്കിൽ അന്ന് ഇതോടൊപ്പം കോഴ്സുകൾ അനുവദിച്ച എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന യു.ജി.സി. അംഗീകാരമുള്ള അറബിക് കോളേജുകളിൽ ഇപ്പോൾ പുതിയ തസ്തിക അനുവദിക്കാത്തതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | എയ്ഡഡ് അറബിക് കോളേജുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായി ശുപാർശ സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ